STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.403/PR/SPMC/PHQ/2026 Date: 09.09.2026

# പത്രക്കുറിപ്പ്

## 47-ാംമത് കേരള പൊലീസ് അത്‌ലറ്റിക്സ് & ഗെയിംസ് മീറ്റ് രണ്ടാം ദിനത്തിന് ആവേശകരമായ തുടക്കം

### പുലർച്ചെ ട്രാക്കിൽ പ്രതീഷിന്റെ സ്വർണച്ചുവട്

തിരുവനന്തപുരം: 47-ാംമത് കേരള പൊലീസ് അത്‌ലറ്റിക് ആൻഡ് ഗെയിംസിന്റെ രണ്ടാം ദിനത്തിന് ആവേശകരമായ തുടക്കം. രാവിലെ 6 മണിക്ക് ആരംഭിച്ച പുരുഷന്മാരുടെ 10,000 മീറ്റർ റേസ് വോക്കിൽ കണ്ണൂർ സിറ്റി താരം പ്രതീഷ്. ഒ ഒന്നാം സ്ഥാനം നേടി.

ഓട്ടമല്ല, ചുവടുകളുടെ കൃത്യതയും വേഗനിയന്ത്രണവും ഒരുപോലെ നിർണായകമായ റേസ് വോക്കിൽ പ്രതീഷ് മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. പുലർച്ചെ തന്നെ മത്സരവേദിയിലെത്തിയ താരങ്ങൾക്കിടയിൽ സ്ഥിരതയാർന്ന മുന്നേറ്റത്തിലൂടെയാണ് പ്രതീഷ് സ്വർണം സ്വന്തമാക്കിയത്.

എസ്.ഒ.ജി താരം രഞ്ജിത്ത് ആർ രണ്ടാം സ്ഥാനവും എസ്.ഐ.എസ്.എഫ് താരം വിനീത് വി.എസ് മൂന്നാം സ്ഥാനവും നേടി.

## റേസ് വോക്കിൽ അക്ഷയ മുന്നിൽ

വനിതകളുടെ 5000 മീറ്റർ റേസ് വോക്കിൽ കെ.എ.പി നാലാം ബറ്റാലിയൻ താരം അക്ഷയ കെ. സ്വർണം നേടി.

നിർണായകമായ നടപ്പുമത്സരത്തിൽ മികച്ച പ്രകടനം പുറത്തെടുത്താണ് അക്ഷയ ഒന്നാം സ്ഥാനത്തെത്തിയത്.അക്ഷയയുടെ സ്വർണനേട്ടത്തിനൊപ്പം കേരള ആംഡ് വുമൻ പോലീസ് ബറ്റാലിയൻ താരങ്ങൾ വെള്ളിയും വെങ്കലവും സ്വന്തമാക്കി. ശ്രീക്കുട്ടി കെ. എസ് രണ്ടാം സ്ഥാനവും ദേവു എസ്. മുരളി മൂന്നാം സ്ഥാനവും നേടി. ഒരേ യൂണിറ്റിൽ നിന്നുള്ള രണ്ട് താരങ്ങൾ പോഡിയത്തിലെത്തിയത് വനിതാ വിഭാഗത്തിലെ വനിതാ ബറ്റാലിയന്റെ മികച്ച സാന്നിധ്യം പ്രകടമാക്കി.

## ഡിസ്ക്കസ് ത്രോയിൽ കണ്ണൂരിന്റെ ഫൈസലിന് സ്വർണം

47-ാംമത് കേരള അത്‌ലറ്റിക് ആൻഡ് ഗെയിംസിന്റെ രണ്ടാം ദിനത്തിൽ, ആവേശോജ്വലമായ പ്രകടനം കാഴ്ചവച്ച് കണ്ണൂർ സിറ്റി പോലീസ് സേനാംഗങ്ങൾ. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ രാവിലെ ഏഴരയ്ക്ക് നടന്ന പുരുഷ വിഭാഗം ഡിസ്കസ് മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയാണ് കണ്ണൂർ സിറ്റി പോലീസ് സേനാംഗങ്ങൾ കായികമേളയുടെ രണ്ടാം ദിനത്തെ സ്വീകരിച്ചത്.

എട്ട് തവണ നാഷണൽ മാസ്റ്റേഴ്സ് മീറ്റിൽ സ്വർണം കരസ്ഥമാക്കിയിട്ടുള്ള ഫൈസൽ കെ, തുടക്കം മുതൽ കാഴ്ചവെച്ച മികച്ച പ്രകടനം കാണികൾക്കിടയിൽ വലിയ ആവേശം ഉണർത്തി. സംസ്ഥാന മീറ്റിൽ 35.08 മീറ്റർ ദൂരം കണ്ടെത്തിയാണ്, ഫൈസൽ ഒന്നാം സ്ഥാനം സ്വന്തമാക്കിയത്.

നിലവിലെ കണ്ണൂർ അസിസ്റ്റന്റ് സ്പോർട്സ് ഓഫീസർ കൂടിയായ ഫൈസൽ കെ, മുൻ കണ്ണൂർ ജില്ലാ പോലീസ് മീറ്റിൽ റെക്കോർഡ് സ്വന്തമാക്കിയിരുന്നു. രണ്ടാം സ്ഥാനത്ത് കണ്ണൂർ സിറ്റി പോലീസിന്റെ അബ്ദുൾ നിഷാദും പാലക്കാടിന് വേണ്ടി മൂന്നാം സ്ഥാനം കെ എം ആനന്ദും നേടി.

**4.40 മീറ്ററിൽ അശ്വിന്റെ പറക്കൽ; 36 വർഷം പഴക്കമുള്ള ഉയരത്തിന് അരികിലെത്തി കെ.എ.പി മൂന്നാ ബറ്റാലിയൻ താരം**

നിലം വിട്ടുയരുന്ന ഓരോ നിമിഷവും കൃത്യതയും കരുത്തും ആവശ്യപ്പെടുന്ന പോൾ വോൾട്ടിൽ 47-ാമത് കേരള പൊലീസ് സ്റ്റേറ്റ് അത്‌ലറ്റിക് ആൻഡ് ഗെയിംസിൽ കെ. എ. പി3 താരം അശ്വിൻ എസ്. സ്വർണം സ്വന്തമാക്കി. 4.40 മീറ്റർ മറികടന്നാണ് അശ്വിൻ ഒന്നാം സ്ഥാനത്തെത്തിയത്.

പോൾ വോൾട്ടിൽ വർഷങ്ങളായി നിലനിൽക്കുന്ന മികച്ച റെക്കോർഡിൽ അശ്വിന്റെ പ്രകടനം ശ്രദ്ധേയമായി.

1990ൽ എ.പി.ടി.സി യൂണിറ്റിലെ എം. രാജൻ കുറിച്ച 4.59 മീറ്റർ ആണ് നിലവിലെ റെക്കോർഡ്. റെക്കോർഡിലേക്ക് ഇനി 19 സെന്റിമീറ്റർ മാത്രം അകലെയാണ് അശ്വിന്റെ ഇന്നത്തെ സ്വർണച്ചാട്ടം.

ഐ. ആർ. ബി. എന്നിന്റെ സിജിൻ മോൻ രണ്ടാം സ്ഥാനം നേടി. മൂന്നാം സ്ഥാനത്ത് ഒരേ ഉയരം മറികടന്ന മൂന്ന് താരങ്ങൾ എത്തിയത് മത്സരത്തിന്റെ പ്രത്യേകതയായി. കണ്ണൂർ റൂറലിലെ രൂപേഷ് പി. എസ്., കണ്ണൂർ റൂറലിലെ സിനീഷ് ടി. പി., കെ. എ. പി 2ലെ ഹരീഷ് കണ്ണൻ എന്നിവർ 2.50 മീറ്റർ വീതം മറികടന്ന് സംയുക്ത മൂന്നാം സ്ഥാനം പങ്കിട്ടു.

ഒരു വശത്ത് പതിറ്റാണ്ടുകൾ പഴക്കമുള്ള റെക്കോർഡ്, മറുവശത്ത് അതിലേക്ക് അടുക്കുന്ന പുതിയ തലമുറയുടെ കുതിപ്പ് - പോൾ വോൾട്ട് വേദിയിൽ അശ്വിൻ എസ്. ഉയർത്തിയ 4.40 മീറ്റർ അടുത്ത റെക്കോർഡ് പോരാട്ടത്തിനുള്ള സൂചനയായി.

**400 മീറ്റർ ട്രാക്കിൽ എസ്.എ.പിയുടെ ആൻ റോസ് തിളങ്ങി**

സ്റ്റാർട്ടിംഗ് ലൈനിൽ നിന്ന് ഫിനിഷിംഗ് പോയിന്റിലേക്കുള്ള 400 മീറ്ററിൽ വേണ്ടിവന്നത് കരുത്തും അവസാന നിമിഷം വരെ കൈവിടാത്ത മനസ്സുമായിരുന്നു.

വനിതാ 400 മീറ്ററിൽ സ്പെഷ്യൽ ആംഡ് പോലീസിന്റെ ആൻ റോസ് ടോമി ഒന്നാമതെത്തി. മത്സരത്തിന്റെ തുടക്കം മുതൽ മുന്നേറ്റം നിലനിർത്തിയ ആൻ റോസ് ഫിനിഷിംഗ് ലൈനിൽ ആദ്യം എത്തി സ്വർണം സ്വന്തമാക്കി. സ്വർണത്തിനായി ആൻ റോസിനൊപ്പം ശക്തമായ പോരാട്ടം നടത്തിയ കേരള ആർമിഡ് വുമൺ പോലീസ് ബെറ്റാലിയൻ

അംഗമായ ഗണ. ടി രണ്ടാം സ്ഥാനത്തും, അനു കൃഷ്ണ എസ്. കെ മൂന്നാം സ്ഥാനവും നേടി.

## ഒന്നിന് പിന്നാലെ മറ്റൊന്ന്; ട്രാക്കിൽ ആൻ റോസിന്റെ സ്വർണക്കുതിപ്പ്

47ാമത് കേരള പൊലീസ് സ്റ്റേറ്റ് അത്‌ലറ്റിക് ആൻഡ് ഗെയിംസിൽ എസ്.എ.പിയുടെ സ്വർണപ്പതാക ഉയർത്തി ആൻ റോസ് ടോമിയുടെ കുതിപ്പ് തുടരുന്നു.

ഫിനിഷിംഗ് ലൈനിലെത്തുമ്പോൾ വീണ്ടും ആൻ റോസ് ടോമി. ഇന്നലെ 400 മീറ്ററിൽ ഒന്നാമതെത്തിയ എസ്.എ.പി താരം വനിതകളുടെ 100 മീറ്ററിലും എതിരാളികളെ പിന്നിലാക്കി സ്വർണം സ്വന്തമാക്കി.

14.660 സെക്കൻഡ്, ട്രാക്കിലെ ആ ചെറിയ സമയത്തിനുള്ളിൽ ആൻ റോസ് ടോമി കുറിച്ചത് തന്റെ രണ്ടാമത്തെ വ്യക്തിഗത സ്വർണമാണ്. 400 മീറ്ററിലെ കരുത്തിന് പിന്നാലെ 100 മീറ്ററിലെ വേഗവും സ്വന്തമാക്കിയതോടെ എസ്.എ.പി താരത്തിന്റെ പ്രകടനം ശ്രദ്ധേയമായി.

0.06 സെക്കൻഡിന്റെ വ്യത്യാസം. 2014ൽ ജിജിമോൾ ജോസഫ് കുറിച്ച 14.60 സെക്കൻഡിന്റെ 100 മീറ്റർ ഹർഡിൽസ് റെക്കോർഡിന് തൊട്ടരികിലായിരുന്നു ആൻ റോസിന്റെ ഇന്നത്തെ പ്രകടനം.

ആദ്യ നിമിഷം മുതൽ ഫിനിഷ് വരെ വേഗം കൈവിടാതെ ഓടിയ ആൻ റോസിന് മുന്നിൽ ഇത്തവണയും എതിരാളികൾക്ക് മറികടക്കാനായില്ല.

കെ.എ.പി-മൂന്നാം ബറ്റാലിയനിലെ സൗമ്യ വർഗീസ് രണ്ടാം സ്ഥാനവും മലപ്പുറത്തിന്റെ സീനിമോൾ കെ. സി. മൂന്നാം സ്ഥാനവും നേടി.

## ‘ജാവലിൻ വിസ്മയം’ ചരിത്രം തിരുത്തി അരുൺ ബേബി, വിജയ ദൂരം പിന്നിട്ടത് നീണ്ട 76 വർഷത്തെ റെക്കോർഡ്.

76 വർഷമായി നിലനിന്നിരുന്ന കേരള പൊലീസ് അത്‌ലറ്റിക്സ് റെക്കോർഡ് തിരുത്തിക്കുറിച്ച് കെ.എ.പി ഒന്നാം ബറ്റാലിയൻ താരം അരുൺ ബേബി.

കേരള പൊലീസ് അത്‌ലറ്റിക് ആൻഡ് ഗെയിംസിലെ ജാവലിൻ ത്രോയിൽ 1950ൽ എസ്.എ.പി താരമായ പി.വി. തോമസ് സ്ഥാപിച്ച 60.96 മീറ്റർ റെക്കോർഡ് തകർത്താണ് 73.29 മീറ്റർ എന്ന പുതിയ റെക്കോർഡ് സ്ഥാപിച്ചത്.

ഏഴുവർഷത്തെ പൊലീസ് സേവനത്തിനിടെ ആദ്യമായാണ് മുവാറ്റുപുഴ–കോലഞ്ചേരി സ്വദേശിയായ അരുൺ ബേബി കേരള പൊലീസ് അത്‌ലറ്റിക് & ഗെയിംസിന്റെ വേദിയിലെത്തുന്നത്.

2017ൽ മംഗളൂരു സർവകലാശാലയിൽ ജാവലിൻ ത്രോയിൽ സ്വർണവും എം.ജി. സർവകലാശാലയിൽ വെള്ളിയും നേടിയിട്ടുള്ള താരമാണ് അരുൺ.

മത്സര തലേന്ന് മുൻകാല റെക്കോർഡ് ശ്രദ്ധിച്ചപ്പോൾ മുന്നിൽ തെളിഞ്ഞ ലക്ഷ്യം ഒരു മെഡൽ മാത്രമായിരുന്നില്ല. വർഷങ്ങളായി നിലനിന്നിരുന്ന റെക്കോർഡ് മറികടക്കണമെന്ന ഉറച്ച തീരുമാനമായിരുന്നു എന്നുകൂടി അരുൺ കൂട്ടിച്ചേർത്തു.

ദേശീയ പോലീസ് കായികവേദിയിൽ കേരളത്തിന്റെ അഭിമാനമായി മാറാനുള്ള ഒരുക്കത്തിലാണ് താരം.

76 വർഷം പഴക്കമുള്ള റെക്കോർഡ് 13 മീറ്ററിലേറെ വ്യത്യാസത്തിൽ മറികടന്ന പ്രകടനം ജാവലിൻത്രോ വേദിയിലെ ഇന്നത്തെ ശ്രദ്ധേയ നേട്ടമായി.

## വനിത വിഭാഗം ഡിസ്കസ് ത്രോയിൽ സ്വർണം നേടി ആര്യ പി എ

കോട്ടയം ജില്ലാ പോലീസ് അംഗം ആര്യ പി.എ വനിതകളുടെ ഡിസ്കസ് ത്രോയിൽ സ്വർണ്ണ മെഡൽ നേടി. തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ  നടന്ന മത്സരത്തിലാണ് ആര്യ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്.

കണ്ണൂർ റൂറൽ പൊലീസിലെ സിന്ധു മോൾ വെള്ളി മെഡലും കണ്ണൂർ സിറ്റി പൊലീസിലെ ധനലക്ഷ്മി വെങ്കല മെഡലും നേടി.

## കോട്ടയത്തിന്റെ കരുത്ത്; ഹാമർ ത്രോയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കോട്ടയം പൊലീസിന്

പുരുഷന്മാരുടെ ഹാമർ ത്രോ മത്സരത്തിൽ കോട്ടയം ജില്ലാ പൊലീസ് ആധിപത്യം തെളിയിച്ചു. കോട്ടയത്തിന്റെ അനൂപ് ടി.പി. സ്വർണ്ണവും സഹതാരം അജേഷ് മാത്യു വെള്ളിയും നേടി, തിരുവനന്തപുരം റൂറലിലെ ബിലാൽ എസ്.എച്ച്. മൂന്നാം സ്ഥാനത്തെത്തി.

ഒരേ ജില്ലയിൽ നിന്നുള്ള രണ്ട് അത്‌ലറ്റുകൾ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയതോടെ കോട്ടയം പൊലീസിന്റെ മേൽക്കൈ വ്യക്തമായി. തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ ബുധനാഴ്ച നടന്ന മത്സരത്തിൽ മികച്ച ദൂരം കുറിച്ചാണ് അനൂപ് സ്വർണ്ണ മെഡൽ സ്വന്തമാക്കിയത്.

അജേഷ് മാത്യുവിന്റെ പ്രകടനവും ശ്രദ്ധേയമായിരുന്നു. ഇരുവരും തമ്മിലുള്ള മത്സരം ആവേശകരമായിരുന്നെങ്കിലും ഒടുവിൽ അനൂപ് മുന്നിൽ എത്തി.

## കണ്ണൂർ സിറ്റിയുടെ പെൺകരുത്ത്; വനിതാ ഹാമർ ത്രോയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കണ്ണൂർ സിറ്റി പൊലീസിന്

47-ാംമത് കേരള പൊലീസ് അത്‌ലറ്റിക്സ് & ഗെയിംസിൽ വനിതകളുടെ ഹാമർ ത്രോ മത്സരത്തിൽ കണ്ണൂർ സിറ്റി പോലീസിന് ആധിപത്യം. കണ്ണൂർ സിറ്റിയിലെ സറീന കെ.പി. സ്വർണ്ണവും സഹതാരം ശ്രീഷ ചന്ദ്രൻ വെള്ളിയും കരസ്ഥമാക്കി, പാലക്കാടിന്റെ ബിന്ധു വി. മൂന്നാം സ്ഥാനത്തെത്തി.

ശാരീരികക്ഷമതയും മാനസികദൃഢതയും ആവശ്യമുള്ള ഹാമർ ത്രോയിൽ കണ്ണൂർ സിറ്റിയുടെ രണ്ട് വനിതകൾ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയത് അവരുടെ അശ്രാന്ത പരിശ്രമത്തിന്റെയും പൊലീസ് വനിതകളുടെ വർദ്ധിച്ചുവരുന്ന കായികമികവിന്റെയും തെളിവാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ സറീന കെ.പി. മികച്ച പ്രകടനം കാഴ്ചവെച്ചാണ് സ്വർണ്ണ മെഡലിന് അർഹയായത്.

കടുത്ത പോരാട്ടത്തിനൊടുവിൽ ശ്രീഷ ചന്ദ്രൻ വെള്ളി മെഡലും കരസ്ഥമാക്കി. കണ്ണൂർ സിറ്റിയുടെ ഈ ഇരട്ടവിജയം മത്സരവേദിയിൽ

ആവേശം സൃഷ്ടിച്ചു. പാലക്കാട് ജില്ലാ പൊലീസിലെ ബിന്ധു വി. മികച്ച പ്രകടനം നടത്തി വെങ്കല മെഡൽ നേടി.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****************************